**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5598** **24-03-2025 - ൽ മറുപടിയ്ക്ക്**

**നഴ്സിംഗ് അസിസ്റ്റന്റുമാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന 43 ജീവനക്കാർക്ക് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിച്ചു നൽകിയതു വഴി 56 വയസ്സ് പൂർത്തിയാക്കിയ ജീവനക്കാരെ മുൻകാല പ്രാബല്യത്തിൽ ജോലിയിൽ നിന്ന് പിരിച്ചു വിടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **കോട്ടയം മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനങ്ങളിൽ നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന 43 ജീവനക്കാരുടെ ആദ്യ നിയമന തീയ്യതി (2008 മുതൽ) മുതലുള്ള നിയമനം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിന്റെയും തുടർന്നുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ റെഗുലർ നിയമനമായി കണക്കാക്കി ക്രമീകരിക്കാനും, അപ്രകാരം ക്രമീകരിക്കുമ്പോൾ ടി ജീവനക്കാർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ വരുന്ന സാഹചര്യത്തിൽ അത്തരം ജീവനക്കാർക്ക് ബാധകമായ രീതിയിൽ അവരുടെ പെൻഷൻ പ്രായം നിജപ്പെടുത്താനും നിർദ്ദേശം നൽകിയിരുന്നു. ആയതു പ്രകാരം ടി ജീവനക്കാരുടെ 2008 മുതലുള്ള നിയമനം ക്രമീകരിക്കുകയും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ 56 വയസ്സ് പൂർത്തീകരിച്ച ജീവനക്കാരെ അവരുടെ വിരമിക്കൽ തീയതി പ്രാബല്യത്തിൽ വിടുതൽ ചെയ്യുകയുമുണ്ടായി.** |
| (ബി) | എങ്കിൽ ഇവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നിർണ്ണയിച്ച് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നിർണ്ണയിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇപ്രകാരമുള്ള ജീവനക്കാരുടെ ജി.പി.എഫ്. ക്ലോസ് ചെയ്യുന്നതിന്, സ്പാർക്കിൽ ഇവരുടെ രേഖകളില്ലെന്ന തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ ഇങ്ങനെ സംഭവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ഇതു പരിഹരിക്കുന്നതിന് ധനകാര്യ വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; അതിന്റെ രേഖകൾ നൽകാമോ; ഇത് പരിഹരിച്ച് എന്നത്തേക്ക് ഇവരുടെ ജി.പി.എഫ്. ആനുകൂല്യങ്ങൾ നൽകുമെന്ന് അറിയിക്കുമോ; വ്യക്തമാക്കാമോ? | (സി) | മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജോലി ചെയ്യുന്ന 17 ജീവനക്കാരുടെ GPF Closure ചെയ്യുന്നതിന് സാങ്കേതിക തടസ്സം നേരിടുന്നു. GPF Closure-ന് SPARK-ൽ അപേക്ഷിക്കുമ്പോൾ, ടി ജീവനക്കാരുടെ പേര്, പെൻ നമ്പർ, മറ്റുവിവരങ്ങൾ എന്നിവ SPARK ൽ കാണിക്കുന്നില്ലെന്നും, ഈ ജീവനക്കാർ 56 വയസ്സിന് ശേഷവും ജോലി ചെയ്തിട്ടുള്ളതിനാൽ റിട്ടയർമെന്റ് വയസ്സിന് ശേഷവും Encashment – നടന്നതിനാലാണ് SPARK-ൽ പേരു വിവരങ്ങൾ കാണിക്കാത്തത് എന്നും മെഡിക്കൽ |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ